**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 292** **04-08-2021 - ൽ മറുപടിയ്ക്ക്**

**ലീഗൽ മെട്രോളജി വകുപ്പിൽ നിന്നുള്ള സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ വി ശശി,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പി.പി.ഇ. കിറ്റ്, മാസ്ക്, സാനിറ്റൈസർ തുടങ്ങിയവയ്ക്ക് അമിത വില ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത്തരത്തിൽ അമിത വില ഈടാക്കുന്നവർക്കെതിരെ ലീഗൽ മെട്രോളജി വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. 14.05.2021 ലെ G.O.(P)No.8/2021/F&CSD നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലീഗൽ മെട്രോളജി വകുപ്പ് സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് സാനിറ്റൈസർ, പി.പി. ഇ.കിറ്റ്, മാസ്ക് എന്നിവയ്ക്ക് അമിതവില ഈടാക്കിയ വില്പനക്കാർ-ക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഉപഭോക്തൃ ചൂഷണം തടയുന്നതിനായി വകുപ്പിൽ നിന്നും ലഭിക്കുന്ന സേവനങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) | ഉണ്ട്. ഉപഭോക്തൃ ബോധവൽക്കരണം ലക്ഷ്യമാക്കി വിവിധ അച്ചടി മാധ്യമങ്ങൾ വഴിയും എഫ്. എം റേഡിയോകൾ വഴിയും പരസ്യങ്ങൾ നൽകി വരുന്നു. കൂടാതെ ദേശീയ ഉപഭോക്തൃ ദിനം, ലോക ഉപഭോക്തൃ ദിനം എന്നീ ദിനാഘോഷങ്ങളുടെ ഭാഗമായി പൊതുജന ബോധവൽക്കരണ പരിപാടികൾ നടത്താറുണ്ട്. |
| (ഡി) | വകുപ്പിന്റെ സേവനങ്ങൾ ജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുവാനുള്ള നടപടികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദീകരിക്കാമോ; | (ഡി) | ഉണ്ട്. നിലവിൽ വകുപ്പിൽ നിന്ന് അനുവദിക്കുന്ന പായ്ക്കർ, ഇംപോർട്ടർ രജിസ്ട്രേഷൻ, അളവ്തൂക്ക ഉപകരണങ്ങൾ നിർമ്മിക്കുന്നതിനും വിൽപ്പന നടത്തുന്നതിനും റിപ്പയർ ചെയ്യുന്നതിനുമുള്ള ലൈസൻസ് എന്നിവ ഓൺലൈനായിട്ടാണ് അനുവദിക്കുന്നത്. പൊതു ജനങ്ങൾക്ക് അളവ് തൂക്ക സംബന്ധമായ പരാതികൾ നൽകുന്നതിന് "സുതാര്യം" എന്ന മൊബൈൽ ആപ്ലിക്കേഷനും നിലവിലുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | വകുപ്പിന്റെ ജില്ല ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഇ) | ഉണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ജില്ലാ ആഫീസുകളിൽ വയനാട് ജില്ലാ ആഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. കാസർഗോഡ് ജില്ലാ ആഫീസിന് പുതിയ കെട്ടിടത്തിനുള്ള നിർമാണ ഉദ്ഘാടനം 22/07/2021ൽ നടന്നിട്ടുള്ളതാണ്. പത്തനംതിട്ട, കണ്ണൂർ ആഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിട്ടില്ല. ടി ആഫീസുകൾക്ക് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ

| ക്രമ നമ്പർ | ഓഫീസിന്റെ പേര് | ടി കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ച തീയതി | റിമാർക്ക്സ് |
|---|---|---|---|
| 1 | ഡെപ്യൂട്ടി കൺട്രോളർ ഓഫീസ്(ജനറൽ), പത്തനംതിട്ട | 21/12/2013 മുതൽ | ഡെപ്യൂട്ടി കൺട്രോളർ ഓഫീസ് (ജനറൽ), അസിസ്റ്റന്റ് കൺട്രോളർ ഓഫീസ്, എന്നീ 2 ആഫീസുകൾ ഈ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. |
| 2 | ഡെപ്യൂട്ടി കൺട്രോളർ ഓഫീസ്, കണ്ണൂർ | 2013 മുതൽ | ഡെപ്യൂട്ടി കൺട്രോളർ ഓഫീസ് (ജനറൽ), ഡെപ്യൂട്ടി കൺട്രോളർ ഓഫീസ് (ഫ്ലയിംഗ് സ്ക്വാഡ്), അസിസ്റ്റന്റ് കൺട്രോളർ ഓഫീസ്, ഇൻസ്പെക്ടർ ഓഫീസ് സർക്കിൾ II എന്നീ 4 ആഫീസുകൾ ഈ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. |
| 3 | ഡെപ്യൂട്ടി കൺട്രോളർ ഓഫീസ്, വയനാട് | 07/2020 മുതൽ | ഡെപ്യൂട്ടി കൺട്രോളർ ഓഫീസ്(ജനറൽ), ഡെപ്യൂട്ടി കൺട്രോളർ ഓഫീസ് (ഫ്ലയിംഗ് സ്ക്വാഡ്), അസിസ്റ്റന്റ് കൺട്രോളർ ഓഫീസ് എന്നീ 3 ആഫീസുകൾ ഈ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. |
| 4 | ഡെപ്യൂട്ടി കൺട്രോളർ ഓഫീസ്, കാസർഗോഡ് | 01/03/2021 മുതൽ | കാസർഗോഡ് ഡെപ്യൂട്ടി കൺട്രോളർ ഓഫീസ് പ്രവർത്തിച്ചിരുന്ന കാസർഗോഡ് സിവിൽ സ്റ്റേഷനിലെ കെട്ടിടത്തിൽ അറ്റകുറ്റപ്പണി നടക്കുന്നതിനാൽ താൽകാലികമായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. |